# മുരിങ്ങ

## പ്രകൃതിനിരീക്ഷണം

## (Moringa oleifera)

**മുറ്റത്തും കറിത്തോട്ടങ്ങളിലും വളർന്നു നിൽക്കുന്ന ഈ മരത്തിന്റെ അപൂർവ്വ ഗുണങ്ങളെ പറ്റി നാം ഓർക്കാറുണ്ടോ?**



വെളുത്ത് ലോല ശരീരവുമായി ആകാശനീലിമയ്ക്ക് കീഴെ ഇളം പച്ച കുഞ്ഞു വട്ട ഇലകളും, വെളുത്ത കുഞ്ഞു പൂക്കളും, തൂങ്ങുന്ന കായ്കളും നിറച്ചുനിൽക്കുന്ന ഈ കൊച്ചുമരത്തെ കാണാത്തവരുണ്ടോ? മുരിങ്ങാക്കായ് കഴിക്കാത്തവരുണ്ടോ. ഇടയ്ക്ക് കാണുന്ന പഴുത്ത മഞ്ഞ ഇലകളാവട്ടെ ഇതിന്റെ സൗന്ദര്യത്തിന് മാറ്റു കൂട്ടുന്നതുമാണ്.

നേർത്ത കാറ്റടിച്ചാൽ, മഴയിറ്റിയാൽ, മഞ്ഞ് വീണാൽ പൂക്കളേറെ മണ്ണിൽ പതിക്കും. മരത്തിലായാലും മണ്ണിലായാലും ഉറുമ്പുകൾക്കും രോമപ്പുഴുക്കൾക്കും പച്ചപ്പുഴുക്കൾക്കും അവയെ തിന്നുന്ന പക്ഷികൾക്കും കുശാൽ. ഇലയും ചില്ലയും തടിയുമെല്ലാം പ്രയോജനകരം തന്നെ. കുഞ്ഞിക്കണ്ണു പോലുള്ള ഈ വട്ട ഇലകൾ എങ്ങനെയാണാവോ ഈ മരം സ്വന്തമാക്കിയത്. വട്ട ഇലയിലെ ജീവകം എയും കണ്ണിന്റെ കാഴ്ചയും തമ്മിലെ ബന്ധം ഇനിയുമറിയാത്തവർ കണ്ണു കാണാത്തവരായിരിക്കും. കണ്ണിലെ ചിത്രസ്ക്രീനായ റെറ്റിനയിലാണ് ജീവകം എ യുടെ കളി അഥവാ കാ

▶▶ ഏറ്റവും വലിയ മ്യൂസിയം– നാഷണൽ ഹിസ്റ്ററി മ്യൂസിയം (യു.എസ്.എ)

ര്യം.

മുരിങ്ങാവിത്തിലെ പരിപ്പ് അരച്ചുകലക്കി കലക്കുവെള്ളം ശുദ്ധീകരിക്കുന്നവരുണ്ട്. തടി മുറിച്ച് പശയെടുക്കുന്നവരുണ്ട്, പിന്നെ സാമ്പാറിലുണ്ട്, മുന്നൂറിലധികം മരുന്നുകളിലുണ്ട്(മനുഷ്യർക്കും കാലികൾക്കുമുള്ളത്), പലമാതിരി കറികളിലുമുണ്ട്. തടിയറുക്കുന്നവരുടെ കണ്ണെരിയിക്കാനും മുരിങ്ങയ്ക്കാവും.

ഒത്തിരി പൂക്കളും നിറഞ്ഞ മുരിങ്ങാകായും താങ്ങുവാൻ ഇളംതണ്ടുകൾക്ക് കരുത്തുണ്ടോ എന്ന് ആരും സംശയിച്ചു പോകും. അത്രയ്ക്ക് പോഷകമടങ്ങിയ (100 ഗ്രാമിൽ 11300 യൂണിറ്റ് ജീവകം എ)മുരിങ്ങാക്കോലുകൾ ചിലേടങ്ങളിലെങ്കിലും മൂത്ത് നരച്ച് തൂങ്ങുന്നത് കാണുമ്പോൾ അവിടങ്ങളിൽ മടിയൻമാരുണ്ടെന്ന് മനസ്സിലാക്കിക്കോളൂ....

വളരുവാൻ നിറയെ വെട്ടം വേണം, മണലു വേണം, വെള്ളം വേണം പിന്നെ കായ് പാകമായാൽ പൊട്ടിത്തെറിപ്പിക്കാൻ വെയിലും വേണം. ഏപ്രിൽ, മെയ് മാസങ്ങളിൽ തടി വെട്ടി നട്ടോ വിത്തുപാകി മുളപ്പിച്ചോ ഇതിന്റെ വംശം പെരുക്കാം. കമ്പൊടിച്ച് തണലിൽ ഒരാഴ്ച കിടത്തി മുറിപ്പാടുകളുണങ്ങിയാൽ നടാം.

പൂവിടുന്നതിന് തൊട്ടുമുമ്പുള്ള കാലം ജലസേചനം ഒഴിവാക്കി പൂവിട്ടു കഴിഞ്ഞ് നനച്ചാൽ കായ്കൾക്ക് എണ്ണവും വണ്ണവും കൂട്ടാം. ആദ്യവിളവെടുപ്പ് കഴിഞ്ഞാൽ മുകളറ്റം (ഒരു മീറ്ററോളം ഉയരത്തിൽ വെച്ച് ) ഒടിച്ചാൽ എത്തിപ്പിടിക്കാമുയരത്തിൽ കൂടുതൽ ശിഖരങ്ങളുണ്ടാവും. അതുവഴി ധാരാളം ഇലയും പൂവും കായും വിടർത്താം.

ഏതു ചെടി നടുമ്പോഴും ഇണയും തുണയുമില്ലാതെ ഒറ്റച്ചെടിയെ നടല്ലേ. നട്ടാൽ കായ് പിടിക്കുക കഷ്ടമാവും. നിറഞ്ഞുവരുന്ന വീടുകളും മതിലുകളും ചെടികളെ മുഖാമുഖം കാട്ടാതെ മറച്ചുപിടിക്കും. ഫലമോ പൂക്കാലത്ത് വിരിയുന്ന പൂക്കൾക്ക് കാറ്റും മറ്റ് പരാഗണകാരികളും തൊടാതെ കാലം കഴിക്കേണ്ടി വരുന്നു.

അങ്ങനെ കായ് ഫലമില്ലാതെ കാലം കഴിക്കേണ്ടി വരുന്നു. ഏതു ചെടിയും മനുഷ്യർ പെരുത്ത കാലത്ത് നേരിടുന്നൊരു വിഷമാവസ്ഥയാണിത്. അതുകൊണ്ട് സ്വന്തം മരം കായ്ക്കണേൽ അയൽപക്കങ്ങളിലും നട്ടേക്കണേ.

മുരിങ്ങാപാടങ്ങൾ കേരളത്തിൽ കമ്മിയാണ്. ആന്ധ്രക്കും കർണാടകക്കും തമിഴകത്തിനും ഒക്കെ പുറകിലാണ് കേരളത്തിന്റെ സ്ഥാനം. തമിഴകത്തിന്റെ പടിഞ്ഞാറേ ചരിവിലും പൂർവഘട്ടത്തിന്റെ താഴ്‌വാരങ്ങളിലും പൂവും കായും ചൂടി നിൽക്കുന്ന മുരിങ്ങാപാടങ്ങൾ നയനമനോഹരമാണ്.

മുരിങ്ങാക്കുരുവിൽ നിന്ന് ഒരിനം എണ്ണ വേർതിരിച്ചെടുക്കുന്നു. പുക വമിക്കാതെ കത്തുന്നതാണിത്. സാലഡുകളിലും ഭക്ഷ്യവിഭവങ്ങളിലും ഈ എണ്ണ ഉപയോഗിക്കുന്നു; ജലം ശുദ്ധീകരിക്കാനായി പ്ലാന്റുകളിൽ മുരിങ്ങാക്കുരു പരിപ്പ് അരച്ച് പ്രയോജനപ്പെടുത്തുന്നു.

**പി.പി.മുനീർ**